"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

## സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ്-പാലക്കാട് ജില്ലാ പഞ്ചായത്തിന്റെ അഭിമാനിനി എന്ന സിനിമയുടെ സംവിധായകന് ചെലവ് വന്ന അധികതുകയായ 5 ലക്ഷം രൂപ അനുവദിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ഡിബി) വകുപ്പ്

സ.ഉ.(സാധാ) നം.1745/2020/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 24/09/2020

---

പരാമർശം:- 1 പാലക്കാട് ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ 24/03/2020-ലെ പി3/2231/2018 നമ്പർ കത്ത്.

2 പാലക്കാട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 12/06/2020-ലെ കത്ത്.

3 24/06/2020-ലെ കോർഡിനേഷൻ കമ്മിറ്റി തീരുമാനം നമ്പർ 4.35

## ഉത്തരവ്

പാലക്കാട് ജില്ലാ പഞ്ചായത്ത് തൊഴിൽകേന്ദ്രത്തിലേക്ക് എന്ന നാടകത്തെ ആധാരമാക്കി നിർമ്മിച്ച അഭിമാനിനി എന്ന സിനിമയുടെ നിർമ്മാണം 20 ലക്ഷം രൂപ അടങ്കലോട്ടുകൂടി (പ്രോ.നം. 729/2019) 2018-19 സാമ്പത്തിക വർഷത്തെ പദ്ധതിയായി ജില്ലാ പഞ്ചായത്ത് (നൂതന പദ്ധതി) ജില്ലാ ആസൂത്രണ സമിതിയിൽ നിന്നും അംഗീകാരം വാങ്ങുകയും ശ്രീ. എം.ജി. ശശിയെ നിർമ്മാണ ചുമതല ഏൽപ്പിക്കുകയും ടിയാൻ 05/09/2018-ന് ജില്ലാ പഞ്ചായത്തുമായി കരാറിൽ ഏർപ്പെട്ടു. 6 മാസമായിരുന്നു നിർമ്മാണ കാലാവധി. 01/04/2019-ന് പൂർത്തിയാക്കേണ്ട സിനിമ ടിയാന്റെ അപേക്ഷ പ്രകാരം 04/09/2019 വരെ ജില്ലാ പഞ്ചായത്ത് നീട്ടിക്കൊടുക്കുകയും ആയതു പ്രകാരം ടിയാൻ 04/09/2019-ന് തന്നെ സിനിമ നിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. ഷൂട്ടിംഗ് ഷെഡ്യൂൾ മഴ കാരണം പലപ്പോഴായി മാറ്റേണ്ടി വന്നതു മൂലവും മൂന്ന് ഷെഡ്യൂളായി ഷൂട്ട് ചെയ്യേണ്ടി വന്നതു മൂലവും സിനിമയുടെ നിർമ്മാണത്തിന് 25 ലക്ഷം രൂപ ചെലവായിട്ടുണ്ട് എന്ന് സംവിധായകൻ ശ്രീ. എം.ജി. ശശി അറിയിക്കുകയുണ്ടായി എന്നും അധികചെലവ് വന്നത് ജില്ലാ പഞ്ചായത്ത് ഭരണ സമിതിക്ക് ബോധ്യപ്പെട്ടതിനാൽ അധിക തുക നൽകുന്നതിനായി 5 ലക്ഷം രൂപയുടെ പദ്ധതി 2019-20 വർഷത്തിൽ തയ്യാറാക്കി (പ്രോജക്ട് നം. എസ്.ഒ 840/2020) ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം വാങ്ങിയിരുന്നു എന്നും 2020-21 വർഷത്തിൽ അഭിമാനിനി സിനിമയ്ക്ക് അധികതുക നല്കൽ എന്ന പദ്ധതിയിൽ (പ്രോജക്ട് നം. എസ്.ഒ 840/2020) 5 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട് എന്നും ആയത് സംവിധായകന് നല്കുന്നതിന് അനുമതി ലഭ്യമാക്കണമെന്ന ജില്ലാ പഞ്ചായത്തിന്റെ അപേക്ഷ പാലക്കാട് ജില്ലാ പ്ലാനിംഗ് ഓഫീസർ പരാമർശം 2 പ്രകാരം ലഭ്യമാക്കുകയുണ്ടായി .

സർക്കാർ ഈ വിഷയം വികേന്ദ്രീകൃത ആസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയിൽ വിശദമായി പരിശോധിക്കുകയും ,മേൽ കമ്മിറ്റി യുടെ പരാമർശം 3 തീരുമാനത്തിന്റെ

അടിസ്ഥാനത്തിൽ പാലക്കാട് ജില്ലാ പഞ്ചായത്ത് തൊഴിൽകേന്ദ്രത്തിലേക്ക് എന്ന നാടകത്തെ ആധാരമാക്കി നിർമ്മിച്ച അഭിമാനിനി എന്ന സിനിമയുടെ നിർമ്മാണത്തിന് സംവിധായകൻ ശ്രീ. എം.ജി. ശശിക്ക് ചെലവ് വന്ന അധികതുകയായ 5 ലക്ഷം രൂപ അനുവദിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**പാറ്റ്സി സ്റ്റീഫന്**
**ജോയിന്റ് സെക്രട്ടറി**

സെക്രട്ടറി, പാലക്കാട് ജില്ലാ പഞ്ചായത്ത്
ജില്ലാ പ്ലാനിംഗ് ഓഫീസർ, പാലക്കാട് ജില്ല
അക്കൗണ്ടന്റ് ജനറൽ (എആന്റ് ഇ) കേരള, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം
ഡയറക്ടർ, ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം., തിരുവനന്തപുരം
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signature valid
Digitally signed by EENAMMA P A
Date: 2020.0 :25:38 IST
Reason: Approv
സെക്ഷൻ ഓഫീസർ